DESPATCHED
ON 25/2/22

23/2/22

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1966(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.16752/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2021 ഫെബ്രുവരി 23**

ശ്രീ. കെ. ശ്രീകുമാരൻ നായർ,
എ.വി.ആർ.എ – 52എ, അക്ഷര വീഥി റോഡ്,
പാൽകുളങ്ങര, പേട്ട പി.ഒ.,
തിരുവനന്തപുരം. 695 024.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   റവന്യു വിഭാഗം,
   തിരുവനന്തപുരം നഗരസഭ,
   പാളയം, വികാസ് ഭവൻ പി.ഒ.,
   തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
   റവന്യു ഓഫീസർ,
   തിരുവനന്തപുരം നഗരസഭ,
   പാളയം, വികാസ് ഭവൻ പി.ഒ.,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 7.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 27.10.2020 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 29.12.2020 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 30.1.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22.9.2021, 17.12.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 17.12.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 24.12.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 13.1.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 22.2.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

ശ്രീ. കെ. ശ്രീകുമാരൻ നായർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷികൾ മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും പൂർണ്ണമായ മറുപടി

ലഭ്യമാക്കാതെ 20 വർഷത്തിലധികം പഴക്കമുള്ള രേഖകൾ ആയതിനാൽ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്ന മറുപടിയാണ് നൽകിയതെന്നും ആയതിനാൽ കമ്മീഷൻ ഇടപ്പെട്ട് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 7.10.2020-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ് :

1) തിരുവനന്തപുരം കോർപ്പറേഷനിലെ ശ്രീകണ്ഠേശ്വരം വാർഡിൽപ്പെട്ട ടി.സി. 28/2191-ാം നമ്പർ കെട്ടിടം ഇപ്പോൾ ആരുടെ പേരിലാണെന്നും

2) ടി കെട്ടിടം ഇപ്പോൾ നിലവിലിരിക്കുന്ന ആളിന്റെ പേരിലേക്ക് ആരുടെ പേരിൽ നിന്നാണ് മാറ്റിയിട്ടുള്ളതെന്നും

3) ടി കെട്ടിടം ഇപ്പോൾ നിലവിലിരിക്കുന്ന ആളിന്റെ പേരിലേക്ക് മാറ്റാൻ ടിയാൾ എന്തെല്ലാം രേഖകളാണ് കോർപ്പറേഷൻ മുമ്പാകെ സമർപ്പിച്ചത് എന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയിലെ 1, 2 എന്നീ ഇനങ്ങൾക്ക് മറുപടി നൽകുകയും 3 മുതൽ 5 വരെയുള്ള ഇനങ്ങൾക്ക് ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ് എന്ന മറുപടി ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളതായും കാണുന്നു. തുടർന്ന് മുഴുവൻ വിവരങ്ങളും നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപ്പീൽ തീർപ്പാക്കി 30.1.2021 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, അപേക്ഷയിലെ ചോദ്യങ്ങൾക്ക് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 27.10.2020-ന് മറുപടി നൽകിയിട്ടുള്ളതാണെന്നും മറ്റ് രേഖകൾ 20 വർഷത്തിലധികം പഴക്കമുള്ള രേഖകൾ ആയതിനാൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും കിട്ടുന്ന മുറയ്ക്ക് വിവരം നൽകുന്നതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ വാദി 9.10.2020 തീയതിയിൽ നഗരസഭയിൽ സമർപ്പിച്ച അപേക്ഷയ്ക്ക് 27.10.2020-ന് സമയബന്ധിതമായി മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ നൽകിയ അപ്പീൽ അപേക്ഷയിന്മേൽ 30.1.2021-ന് മറുപടി നൽകിയിട്ടുള്ളതാണെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ ഉൾപ്പെടുന്ന ഫയൽ 20 വർഷത്തിന് മേൽ പഴക്കമുള്ളതാണെന്നും ആയത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ഉൾപ്പെടുന്ന ഫയൽ 20 വർഷത്തിന്മേൽ പഴക്കമുള്ളതായതിനാൽ ആയത് കണ്ടെത്താൻ കഴിയാഞ്ഞിട്ടാണ് ലഭ്യമാകുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണെന്ന മറുപടി എതിർകക്ഷികൾ നൽകിയിട്ടുള്ളത് എന്ന് കാണുന്നു. എന്നാൽ ടി ഫയൽ നിയമാനുസൃതം നശിപ്പിച്ചതായോ ഫയൽ കണ്ടെത്തുന്നതിന് ആവശ്യമായ ശ്രമം എതിർകക്ഷികൾ നടത്തിയതായോ കാണുന്നില്ല. ആയതിനാൽ രണ്ടാം എതിർകക്ഷി ഒരു സീനിയർ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ രണ്ടോ മൂന്നോ പേർ അടങ്ങുന്ന ഒരു ടീം രൂപീകരിച്ച് തിരച്ചിൽ നടത്തി 10.3.2022നകം ഫയൽ കണ്ടെത്തി ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 23-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk